# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2455 — 05/02/2018-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളും DDUGJY (ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന) പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളും സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത്; | (ബി) | പ്രസ്തുത പദ്ധതികൾക്കു വേണ്ടി 2,02,49,410/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദീകരിക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക പദ്ധതി പ്രകാരം വൈദ്യുതി ബോർഡ് നടപ്പിലാക്കിയ DDUGJY പദ്ധതിയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 11,98,600/- രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി എം.എൽ.എ. – എ.ഡി.എസ്. ഫണ്ടിൽ നിന്നുള്ള 50 ലക്ഷം രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള 16,56,862/- രൂപയും |

| | | | | |
|---|---|---|---|---|
| | | | | കെ.എസ്.ഇ.ബി.എൽ. ഫണ്ടും DDUGJY ഫണ്ടുമുൾപ്പെടെയുള്ള തുകയും ചേർത്ത് ആകെ 1,60,82,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ